# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 ~ 2026

## GWUPS കരിമം

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികാസമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാരരൂപങ്ങൾ, സ്വാതന്ത്ര്യദിന പ്രതികരണങ്ങൾ, ശിൽപശാല, സംയുക്ത ഡയറി, ചിത്ര പുസ്തകം, സ്വതന്ത്രരചനകൾ എന്നിങ്ങനെ വിവിധശേഷികൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ക്ലാസിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വയം സ്വായത്തമാക്കണം. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഉറപ്പാക്കുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെടുന്നത്. ഈ അധ്യയനവർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റു സഹായികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളും വിലയിരുത്തലിനും സാധ്യത വ്യക്തമാക്കിക്കൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ചിത്രസഹിത ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ചെറുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നത് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ - ഇവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ചിത്രവായനക്കാർഡുകൾ നിർമിക്കുന്നു, വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ചെറുരചനാ ശിൽപശാലകൾ നടത്തി കുട്ടിയെ സ്വയം സ്വാശ്രയരാക്കൽ.
* ലൈബ്രറി സാധ്യതകൾ, വായനശാലകൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് നയിക്കൽ.

# പ്രവർത്തനലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റു വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* ഭാവനാത്മകമായ ലോകത്തിലൂടെ പദ്- രചന മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തിനേടുന്നു.
* സ്വന്തമായി എഴുതാനും വായിക്കാനും വിവിധരചനകളിൽ ഏർപ്പെടാനും കഴിവുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെയും സാമൂഹികബന്ധം മെച്ചപ്പെടുത്തുന്നു.
* കുട്ടികളെ ആസ്വാദകരാക്കൽ.
* ലിപികൾ തിരിച്ചറിഞ്ഞ് മുതിർന്നവരുടെ സഹായത്തോടെ ചെറുകവിതകൾ, ചെറുകഥകൾ എഴുതുന്നു വായിക്കുന്നു
* ലിപികൾ തിരിച്ചറിയാതെ തന്നെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാപുസ്തകം രൂപപ്പെടുത്താൻ.

# ജൂൺ

## പ്രവർത്തനലക്ഷ്യങ്ങൾ

* സചിത്രനോട്ട്ബുക്ക്, സചിത്ര നിഘണ്ടു, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* ചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

* അക്കാദമിക മാസ്റ്റർ പ്ലാൻ നിർവ്വഹണം
* ചിത്രകാർഡുകൾ, വാക്യകാർഡുകൾ നിർമ്മാണശില്പശാല
* സചിത്രനോട്ട്ബുക്ക് തയ്യാറാക്കൽ.
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി ആഴ്ചയിൽ ഒന്ന് ചിത്രീകരിച്ചും എഴുതൽ.
* കഥകൾ - ചിത്രങ്ങൾ വഴിയും പാട്ടിൽ ചർച്ചകളിലൂടെയും നൽകൽ.
* ആരോഗ്യകരമായ ഭക്ഷ്യവിഭവങ്ങൾ ചേർക്കൽ

# ജൂലൈ

## പ്രവർത്തനലക്ഷ്യങ്ങൾ

* സചിത്രനോട്ടുബുക്ക് _ ശിൽപശാല ഒരുക്കൽ.
* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് സ്വയം കവിത, കഥ പറയാൻ അവസരം ഒരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.

## പ്രവർത്തനങ്ങൾ

* സചിത്രനോട്ടുബുക്ക് തയ്യാറാക്കൽ
* സംയുക്തഡയറി ഒറ്റവാക്കിൽ എഴുതാൻ അവസരം ഒരുക്കുന്നു.
* ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകങ്ങൾ തൊട്ട് അറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകൽ.

# ആഗസ്റ്റ്

## പ്രവർത്തനലക്ഷ്യങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണശില്പശാല, പപ്പറ്റ്, ഷാഡോ പ്ലേയും പ്രവർത്തനങ്ങൾ.
* കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ഏകീകൃതമായ നിർമ്മാണശില്പശാല.
* ദേശാഭിമാനത്തിന് അവസരം ഒരുക്കുന്നു.
* സ്വാതന്ത്ര്യചരിത്രത്തിലേക്ക് ഒരു തിരനോട്ടം പകരൽ.

## പ്രവർത്തനങ്ങൾ

* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പി-
* ദേശീയബോധം വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായനാകാർഡുകൾ തയ്യാറാക്കി അവതരണം.
* രചനാസന്ദർഭത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ അവസരങ്ങൾ നൽകൽ.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ.
* സമീപനങ്ങളിൽ ചിന്തകൾ തിരിക്കാൻ അവസരം ഒരുക്കൽ.
* അഭിനയഗാനത്തിലൂടെ ആവിഷ്കാരപാഠത്തിൽ ഏർപ്പെടുന്ന

# സെപ്റ്റംബർ

## പ്രവർത്തനലക്ഷ്യങ്ങൾ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കൽ
* സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കൽ.
* സചിത്രഡയറി പുസ്തകരൂപത്തിലേക്ക് മാറ്റുന്നതിന് അവസരം ഒരുക്കൽ.
* ശേഖരണത്തിന് പ്രാധാന്യം നൽകൽ.

## പ്രവർത്തനങ്ങൾ

* സചിത്രഡയറിയെ - എന്റെ ഡയറിക്കുറിപ്പ് എന്ന വ്യവഹാര രൂപത്തിൽ നൽകുന്നു.
* അനുഭവവിവരണത്തിലൂടെ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കൽ.
* വ്യത്യസ്തമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* കുട്ടികളെ സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറ്റി എടുക്കുന്നു.

# ഒക്ടോബർ

## പ്രവർത്തന ലക്ഷ്യങ്ങൾ

* സചിത്രബുക്കുകൾ ഭാഷാസമയത്തിൽ അവതരിപ്പിക്കൽ.
* വായനാശീലം സംരക്ഷിപ്പിക്കൽ.
* ആസ്വാദനാത്മകമായ വായന നടത്തൽ
* ചിത്രവായനക്ക് അവസരം ഒരുക്കൽ
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശനം.

## പ്രവർത്തനങ്ങൾ

* എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.
* CPTA യിൽ സചിത്രപുസ്തകങ്ങൾ വിലയിരുത്തുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു.
* ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു.
* കുട്ടികവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

# നവംബർ

## പ്രവർത്തനലക്ഷ്യങ്ങൾ

* സ്വതന്ത്രചിന്താശേഷി വളർത്താൻ സംയുക്ത ഡയറി എഴുത്ത്. കൂടുതൽ മെച്ചപ്പെടുത്തൽ.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ദിനവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* പത്രവായനക്ക് അവസരം ഒരുക്കൽ.
* താളാത്മകമായി കവിതകൾ ചൊല്ലുന്നതിന്

## പ്രവർത്തനങ്ങൾ

* സംയുക്തഡയറി കുട്ടികൾ വാക്യഘടനയിൽ എഴുതിച്ചേർക്കൽ
* കൂട്ടവായന - കുട്ടികളുടെ ചെറിയ വായനാകാർഡുകൾ ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം വായിച്ച് ചിത്രവായന നടത്തുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ സാധിക്കുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
* സചിത്രപാഠം പ്രദർശനത്തിന് ഒരുക്കുന്നു.

# ഡിസംബർ

## പ്രവർത്തനലക്ഷ്യങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി നിർവഹിക്കാൻ.
* രചനാശേഷി പരിപോഷിപ്പിക്കാൻ.
* ദൈനംദിന അനുഭവങ്ങൾ തെളിമയുള്ള ഭാഷയിൽ എഴുതുന്നു.
* കൂട്ടെഴുത്ത് ഉറപ്പുവരുത്താൻ.
* ചെറുകവിതകൾ, കഥകൾ എഴുതാൻ ശ്രമിക്കുന്നു.

## പ്രവർത്തനങ്ങൾ

* കണ്ടതും കേട്ടതുമായ കാര്യങ്ങൾ നിറം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വന്തമായി വാക്കുകൾ ഉപയോഗിച്ച് നിറവോടെ പൂർണതയോടെ എഴുതാൻ കഴിവ് നേടി രചനാമത്സരങ്ങളിൽ പങ്കെടുക്കുന്നു.
* പത്രം പിന്നുന്ന ഉറപ്പിൽ കുട്ടി കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സഹകരണശേഷി, സചിത്രപുസ്തകം കൂടുതൽ മെച്ചപ്പെടുത്തുന്നു.

# ജനുവരി

## പ്രവർത്തനലക്ഷ്യങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേയ്ക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാനിർമ്മാണശാലകൾ, പ്രവർത്തനങ്ങൾ.
* നിലവിൽ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായ വായന
* ഡിജിറ്റൽ സാധ്യതകളിലൂടെ പുനരവതരണത്തിനുള്ള സാധ്യതകൾ.

## പ്രവർത്തനങ്ങൾ

* കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും വിശേഷരചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ

# ഫെബ്രുവരി

## പ്രവർത്തനലക്ഷ്യങ്ങൾ

* പഠനോത്സവം , രചനോത്സവം , ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കൽ .
* കുട്ടികളുടെ രചനകൾ ക്ലാസിൽ നിറയുന്നു .
* നിത്യജീവിതസന്ദർഭങ്ങളെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരമൊരുക്കുന്നു .
* ദിനാചരണങ്ങളോട് ബന്ധപ്പെട്ട രചനകൾ നടത്തുന്നു .

## പ്രവർത്തനങ്ങൾ

* പഠനോത്സവം ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു .
* സ്വതന്ത്രമായി രചനകൾ നടത്തി കൈയെഴുത്ത് ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നു .
* ദിനാചരണങ്ങളോട് ബന്ധപ്പെട്ട രചനകൾ നടത്തുന്നു .
* കുട്ടികളുടെ കഴിവുകൾ സമൂഹത്തിന് മുന്നിൽ പ്രകടമാക്കാൻ പഠനോത്സവത്തിലൂടെ സാധിക്കുന്നു .

# മാർച്ച്

## പ്രവർത്തനഘട്ടങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിലാക്കി പ്രകാശനം
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, നിശബ്ദവായന, ചങ്ങലവായന, സ്വന്തവായന എന്നിവക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* പലതരത്തിലുള്ള കൈയ്യെഴുത്തുമാസികകൾ ആഴ്ചപ്പതിപ്പു- നവമാധ്യമങ്ങളിലും PTA മീറ്റിങ്ങിലും പ്രദർശനം ഒരുക്കൽ.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്തു മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

## പ്രവർത്തനങ്ങൾ

* PTA മീറ്റിങ്ങിൽ പ്രകാശനം നടത്തുന്നു.
* വായനയെ പരിപോഷിപ്പിക്കാൻ വിവിധ പ്രവർത്തനഘട്ടങ്ങൾ ഒരുക്കുന്നു.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്രചിന്തകരായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ വിവിധ സ്വതന്ത്രരചനകളെ വായനക്കാരുടേതാക്കി മാറ്റിയിട്ടുണ്ട്.
* ഭാഷോത്സവം ഏറ്റെടുക്കുന്നതിനുള്ള ആസൂത്രണം.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിക്കൽ.
* കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

* വിദ്യകൾ സമൂഹത്തിന് മുന്നിൽ എത്തിയിരുന്നു.
* സാമൂഹ്യനവോത്ഥാനവഴി വിദ്യാഭ്യാസം കൈവരിക്കാൻ
* സ്ത്രീസമൂഹത്തിന് പ്രസിദ്ധീകരണങ്ങൾ ചെയ്യുന്നു
* സ്ത്രീകളെ ഭാഗമാക്കി പത്ര വ്യവഹാരങ്ങളിൽ എത്തിച്ചേരാൻ
* സ്ത്രീ പത്ര പ്രവർത്തനങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കാൻ
* സർഗാത്മകമായി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കാൻ.
* ഭാഷാസ്വഭാവത്തിന്റെ രൂപത്തിൽ പത്രപ്രവർത്തനത്തിലെ വിദ്യകൾ വിവരിച്ചിരുന്നു.
* പല കൃതികളും സ്ത്രീ പത്രപ്രവർത്തനത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# ഗണിതം

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
* ഇരുപതു വരെയുള്ള എണ്ണുന്ന ചെറുത്, തുല്യം, കൂടുതൽ, കുറവ്, എന്നിങ്ങനെ വിശദീകരിക്കുന്നു
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുന്നതും വായിക്കുന്നതും ചെയ്യുന്നു

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമഗ്രി സ്രോതസ് |
|---|---|---|---|---|
| സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>* സംഖ്യാക്രമം നിർമ്മിക്കൽ | വിദ്യാർത്ഥികൾ രക്ഷിതാക്കൾ | ജൂൺ | |
| ഗണിതകിറ്റ് | * ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു | വിദ്യാർത്ഥികൾ രക്ഷിതാക്കൾ | ജൂലൈ | |
| വലിയസംഖ്യ ചെറിയസംഖ്യ | 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>വലിയസംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | വിദ്യാർത്ഥികൾ | ഓഗസ്റ്റ് | |

| | | | |
|---|---|---|---|
| സങ്കലന ക്രിയകൾ | * സംഖ്യാഗാനങ്ങൾ തിരിച്ചറിയൽ<br>* രണ്ടക്കസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ ചെയ്യൽ<br>* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും. | വിദ്യാർത്ഥികൾ | സെപ്റ്റംബർ |
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | * ഒറ്റസംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>* ഒന്നിലധികം സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്നു തിരിച്ചറിവ് ഉണ്ടാകൽ | വിദ്യാർത്ഥികൾ | ഒക്ടോബർ |
| സംഖ്യാഗാനങ്ങൾ | * സംഖ്യാഗാനങ്ങൾ പാടുന്നു, ചൊല്ലിക്കുന്നു<br>* ഗണിതപ്രവർത്തനങ്ങൾ ആസ്വാദകരമാകുന്നു. | വിദ്യാർത്ഥികൾ രക്ഷിതാക്കൾ | നവംബർ. |
| വർക്ക്ഷീറ്റ് | * സംഖ്യകളെ ആസ്പദമാക്കി വർക്ക് പ്രവർത്തനങ്ങൾ<br>* My number book തയ്യാറാക്കൽ | വിദ്യാർത്ഥികൾ രക്ഷിതാക്കൾ | ഡിസംബർ |
| വ്യവകലന പ്രവർത്തനങ്ങൾ | * ഒറ്റസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ 10-1=9, 10-2=8, 10-3=7 | വിദ്യാർത്ഥികൾ | ജനുവരി |
| ചിഹ്നങ്ങൾ തിരിച്ചറിയൽ | * സങ്കലനം, വ്യവകലനം (+,-) എന്നീ ചിഹ്നങ്ങൾ തിരിച്ചറിയാൻ കഴിയുന്നു. | | ഫെബ്രുവരി |
| ഗണിത ക്വിസ് | * ഗണിതക്വിസ് പ്രവർത്തനങ്ങൾ ചെയ്യുന്നു<br>* സംഖ്യകളുടെ പാറ്റേൺ തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത ക്രിയകളും സംഖ്യാഗാനങ്ങൾ | വിദ്യാർത്ഥികൾ രക്ഷിതാക്കൾ. | മാർച്ച് |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
* പൂക്കളുടെ സവിശേഷതകൾ (നിറം, ഇതളുകളുടെ എണ്ണം, ഗന്ധം, ചെറുത് - വലുത്) പട്ടികപ്പെടുത്തുന്നു.
* നിറം, രൂപം, ആകൃതി, മണം, വലിപ്പം എന്നിവയിൽ പൂക്കൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പൂക്കൾ ഭക്ഷിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ സ്രോതസ്സ് |
|---|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്താൻ | * പ്രകൃതി നടത്തം * ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു. * പൂന്തോട്ടത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | ജൂൺ ജൂലൈ ഓഗസ്റ്റ് | വിദ്യാർത്ഥികൾ PTA അംഗങ്ങൾ അധ്യാപകർ | |
| * ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | * സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു. * പൂന്തോട്ടത്തിലെ ചെടികളിൽ നിന്നും ചെടികളെ നിരീക്ഷിച്ച് വിവിധ ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്തംബർ ഒക്ടോബർ നവംബർ | വിദ്യാർത്ഥികൾ PTA | |

| | | | |
|---|---|---|---|
| * ഭാഷാപരമായ ശേഷികൾ കൈവരുന്നു. | * ചിത്രങ്ങൾ, പത്രങ്ങൾ, ലേഖനങ്ങൾ, പുസ്തകങ്ങൾ, എന്നിവ കൊണ്ടുവരുന്നു<br><br>* ശേഖരണത്തിലൂടെ ഭാഷാബോധം കൂടുതൽ ലഭ്യമായത് കൈവരുന്നു<br><br>* രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങളും നിർമ്മിക്കുന്നു. | ചിത്രങ്ങൾ<br><br><br><br><br>ചാർട്ട് ക്രയോൺസ് പെൻസിൽ | രക്ഷിതാക്കൾ വിദ്യാർത്ഥികൾ<br><br><br><br><br>രക്ഷിതാക്കൾ വിദ്യാർത്ഥികൾ |

# English.

**Aim**

To speak and write English without any mistakes.

| Aim | Activities | Support | Month | Financial resources |
|---|---|---|---|---|
| skills | * To devolve listening skills and reading skills.<br>* Description, growing sentences, picture reading, riddles, quiz. | Teachers<br>Parents. | June<br>July | |
| Reading skills | * Reading breaking news<br>* find words from reading materials.<br>* Rhyming words.<br>* Describing words from text book activities. | Teachers | July<br>August | |
| Writing skills | * Make word web<br>* Picture description<br>* Word chain<br>* Make word web<br>* Story telling<br>* Riddles<br>* Conversation | Teachers<br>Parents. | September<br>October<br>November<br>December<br>January<br>February<br>March | |

# ഭാഷ

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും പാഠഭാഗത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും ആവിഷ്കരിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, താളം, പ്രാസം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാ പൂരണം)

**മുന്നൊരുക്കം.**

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാതാപിതാക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യം.

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും നിലവാരത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

### ഔട്ട്പുട്ട്

* ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ചേർന്നത്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
* വായനാ സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

### ഔട്ട്കം

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

### ഇംപാക്ട്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.
* രക്ഷിതാക്കളുടെ സഹായം ഉറപ്പാക്കൽ.
* വീട് ലൈബ്രറി ഒരുക്കൽ.
* ചിത്ര വിവരണം.
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാകുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ.
* വായിച്ച ഭാഗങ്ങൾക്ക് ഭാവാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന പിന്തുണ നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

* കളികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യത്യസ്ത രചനകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* ലഘുവിവരണങ്ങൾ പ്രത്യേകതകൾ ശ്രദ്ധിച്ചും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ഫെബ്രുവരി

* എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (പ്രഭാഷണം, ലേഖനം, കത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസികകൾ, മാഗസിനുകൾ തയ്യാറാക്കൽ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# ഗണിതം

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. പെരുക്കുന്നു. (ഗുൽ താബ്യ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്തരീതിയിൽ പ്രയോഗസാധ്യതകൾ.

## ഉള്ളടക്കം

ഗണിതാശയങ്ങളിൽ കൂടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം.

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗസാധ്യതകൾ.

ഇന്ന്.

* 1, 2, 3, 4 .....

1, 3, 5, 7 ....

10, 20, 30, 40 ....

5, 10, 15, 20 ....

2, 4, 6, 8 ..... തുടങ്ങിയ പാറ്റേണുകളില
സംഖ്യാബോധം കണ്ടെത്തൽ.

* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും , 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യ കിട്ടും എന്ന തിരിച്ചറിവുണ്ടാകൽ.

ഇന്നലെ

* ഒരു കൂട്ടം വസ്തുക്കളോട് അത്രതന്നെ എണ്ണമുള്ള മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ ഇരട്ടിയായി എന്ന് ആകെ എണ്ണം പറയൽ.
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
* പത്തിന്റെയും അഞ്ചിന്റെയും കൂട്ടങ്ങൾ ചേർത്ത് വലിയ സംഖ്യകൾ രൂപീകരിക്കൽ.
(5+5=10, 10+10=20)

നാളെ

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100.
10 പത്തുകൾ ചേർന്നാൽ 100 ആകും.
100 ഒന്നുകൾ ചേർന്നാൽ 100

*ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

<u>സെപ്തംബർ</u>

*ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.

*വിലവിവരപ്പട്ടിക തയ്യാറാക്കൽ.

*ക്ലാസിലൊരു കട, സ്കൂളിലൊരു ചന്ത. ഗണിതാശയങ്ങൾ പ്രായോഗികതയിലൂടെ ഉറപ്പിക്കുന്നു.

<u>ഒക്ടോബർ</u>

*രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

*സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

*സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ട് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉപയോഗിച്ച്)
5... 10... 15... 20... 25... (5 വീതം കൂട്ടിയാൽ ചേർന്ന വിശകലനം ചെയ്യാം.

<u>നവംബർ</u>

*സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

*പ്രായോഗിക പ്രശ്ന പരിഹരണത്തിനായി കളി നോട്ടുകൾ പോലുള്ളവ വെട്ടിയുണ്ടാക്കി സംഖ്യ എഴുതൽ.

* ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, ഇവ ചേർത്ത് സംഖ്യ രൂപീകരിക്കൽ $10 രൂ + 5 രൂ = 15 രൂ$. നോട്ട് നാണയം.

### ഡിസംബർ

* സംഖ്യാബോധം തിരിച്ചറിയൽ - സംഖ്യാ വ്യാഖ്യാനങ്ങൾ.
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

### ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.
* സങ്കലനവ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

### ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
* ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിതപഠനം കളികളിലൂടെ ഉയർന്ന വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടർ പരിചിതമാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ.
* കലണ്ടർ റോമൻ സംഖ്യകൾ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രവർത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയും.

# English

Aim: To speak, Read and write english without any mistakes.

Time : June, July, August

June

* Pretest

* To develop listening skills and reading skills first.

- Listening skills

Games, action songs Hello english activities, 2 conversations, skit stories use ICT

- Speaking skills

Descriptions, growing sentences, picture reading, picture description, self Introduction, Assembly activities, speech, book review, reading breaking news, find words. collect and read Past tense, rhyming words, describing words, etc... Text book activities.

## Writing skills

Make word web, picture description, word chain, sentence chain, make words and sentence make riddles, conversations, Add more lines, develop story, description, notice proclamation, diary, letter, announcement, magazines.

Class: 3

ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • നിത്യജീവിതത്തിലെ വിവിധ അവസരങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. തരം തിരിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു. വരയ്ക്കുന്നു. നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. വരയ്ക്കുന്നു. | പ്രവേശനോത്സവം.<br>• വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം. രൂപങ്ങൾ തിരിച്ചറിയൽ, പ്രത്യേകത മനസ്സിലാക്കൽ.<br>• തോണി നിർമ്മാണം.<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കുന്നു.<br>• വെജിറ്റബിൾ പ്രിന്റിംഗ് തയ്യാറാക്കൽ.<br>• ഈർക്കിലി ഉപയോഗിച്ചു കൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം. | ജൂൺ. |
| • മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കൽ | കളം നിറയ്ക്കാം.<br>• 1–100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്രമത്തിൽ തെറ്റിച്ച് സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക.<br>• നറുക്കെടുക്കാം. | ജൂലായ് |

| | | |
|---|---|---|
| | സംഖ്യകൾ എഴുതിയ നമ്പർ കാർഡുകൾ നൽകുന്നു. കിട്ടിയ സംഖ്യ വായിക്കുന്നു. മറ്റുള്ളവർ സംഖ്യ എഴുതുന്നു. | ആഗസ്റ്റ് |
| | • പാറ്റേൺ പൂർത്തിയാക്കാം. വിവിധ സംഖ്യാപാറ്റേൺ പൂർത്തിയാക്കൽ | സെപ്റ്റംബർ |
| | • ക്രമത്തിലാക്കാം — വ്യത്യസ്ത സംഖ്യകൾ നൽകുന്നു. ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു. | ഒക്ടോബർ |
| • മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പാക്കൽ. | കൂട്ടങ്ങളാക്കാം. • ഇഷ്ടമുള്ള ഒരു നാലക്ക സംഖ്യ എഴുതുന്നു. കളിനോട്ട് ഉപയോഗിച്ച് 1, 10, 100, 1000. കൂട്ടങ്ങളാക്കി മാറ്റുന്നു. | ജൂലായ് |
| | • ക്രമീകരിക്കാം. അബാക്കസ് നിർമ്മാണം. സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കൽ | ആഗസ്റ്റ് |

| | | |
|---|---|---|
| • മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ, അവസരം ഒരുക്കൽ.<br>• ചതുഷ്ക്രിയ ഉറപ്പിക്കുന്നു | സമയചക്രം.<br>• വെറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു. (am/pm) സമയവുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നപരിഹരണത്തിന് ഉപയോഗിക്കുന്നു. | സെപ്റ്റംബർ |
| | • ഭാഗ്യവതിയെ കണ്ടെത്താം.<br>അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. ക്രിയ ചെയ്യുന്നു.<br>ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തുന്നു. | ഒക്ടോബർ. |
| | • സംഖ്യാചക്രം.<br>സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ചെയ്യുന്നു. | നവംബർ<br>to<br>മാർച്ച് |

ദിനം : 3

വിഷയം - മലയാളം

ലക്ഷ്യം : നാടൻപാട്ട് ചൊല്ലിക്കേട്ടും സ്വയം താളം പിടിച്ചും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിന് അവസരം കണ്ടെത്തുക.

: വാഴ്ത്താരി നിർമ്മാണത്തിന് സ്വയം പ്രാവീണ്യം നേടുക

: പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

: ലഘുവായ സർഗാത്മക രചനകൾ നടത്തുക. (കഥ, കവിത, ഡയറി, ചിത്രം)

: ആസ്വദിച്ച ഭാഷാഖണ്ഡങ്ങൾ (കഥ, കവിത, നാടൻപാട്ട് കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) വ്യവഹാരരൂപങ്ങളും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

: കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ, കടങ്കഥ പതിപ്പ്

: സാഹിത്യ രചനകൾ (കവിത, വിവരണം, വായിച്ചുകേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക)

: അക്ഷര വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| * വാഴ്ത്താരി ചന്തം.<br>വ്യത്യസ്ത ഈണത്തിലുള്ള വാഴ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു. | ജൂൺ |

| | |
|---|---|
| * വാർത്താ ദിനം.<br>ശേഖരിച്ച വാർത്തകൾ സന്ദർഭങ്ങളിൽ അവതരണം.<br>വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>* പഴഞ്ചൊൽ പെരുമ | |
| പഴഞ്ചൊല്ലുകൾ ശേഖരണം.<br>ഒരു ദിനം ഒരു പഴഞ്ചൊല്ല്.<br>• കുട്ടികൾക്ക് ഓരോ ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു.<br>പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു.<br>• പഴഞ്ചൊൽ പെരുമ എന്ന പതിപ്പ് നിർമ്മാണം.<br>* കടങ്കഥ<br>• കടങ്കഥ മനസ്സിലാക്കി പറയുന്ന<br>• വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം.<br>• കലാരൂപങ്ങൾ ശേഖരിക്കാം ചിത്രശേഖരണം.<br>* കലോത്സവം. | ജൂലായ് |
| • നാട്ടുകഥകളുടെ ശേഖരണം.<br>• നാട്ടുകഥകളുടെ അവതരണം. | ആഗസ്റ്റ് |

| | |
|---|---|
| * ഓണപ്പതിപ്പ് (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ)<br>ഫീൽഡ് ട്രിപ്പ് – സ്കൂൾ കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു, പേരുകൾ എഴുതുന്നു) | സെപ്റ്റംബർ. |
| * പദച്ചങ്ങല – പദങ്ങൾ ചേർത്ത് വാക്യമാക്കൽ | ഒക്ടോബർ |
| * ചിത്രവായന<br>* ചിത്രം നോക്കി കഥ പറയൽ. | നവംബർ |
| * കൂട്ടവായന – കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.<br>* ചിത്രം നൽകി വിവരണം എഴുതൽ. | ഡിസംബർ |
| * ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ | ജനുവരി |
| * കഥ പൂർത്തിയാക്കൽ<br>* ചിത്രം നോക്കി കഥ പറയലും കഥ എഴുതലും. | ഫെബ്രുവരി |
| * കഥാരചന അവതരണം. | മാർച്ച്. |

Subject - English

| Objectives. | Activities | Duration |
|---|---|---|
| Listen to instructions and engage in activities. | Give more chance to hearing instructions based on the day to day life and classroom<br>Show the pictures of action verbs.<br>Performing actions by hearing instruction and commands. | June to December. |
| Describe the pictures. | Picture description.<br>The teacher shows a picture.<br>Discussion<br>The children talk about the picture<br>Slow learners – Gives opportunity to express their ideas in malayalam. | August. |
| Arrange words in alphabetical order. | Dictionary – Introducing the dictionary.<br>Gives words, arranging words in alphabetical order. | September – March. |

| | | |
|---|---|---|
| Identifies rhyming words from the poem | Rhyming words.<br>Plays the audio of song<br>Let's the learners sing after the audio.<br>Add lines to the poem. | October-November |
| Read and understand the given stories and poems | Let's read.<br>Provides the opportunity to simple stories and poems. | December-January |
| Make simple riddles. | Give children the opportunity to hear and answer simple riddles.<br>Make simple riddles.<br>Slow learners- Gives opportunity to express their ideas in malayalam. | February march. |

നം: 3

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| • ചുറ്റുപാടുകളുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാദൃശ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരം തിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക. | ഞാനും എന്റെ പരിസരവും. ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം, സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കൽ, മരങ്ങൾ, കുറ്റിച്ചെടികൾ വർഗീകരണം, സസ്യങ്ങളുടെ വളർച്ചാ രീതികൾ മനസ്സിലാക്കൽ. | • ജൂൺ to ജനുവരി |
| • പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തിയെടുക്കുക. ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തിയെടുക്കുക. | ഒരു തൈ നടാം. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വീട്ടിൽ വൃക്ഷത്തൈ നടീൽ, നട്ട വൃക്ഷത്തൈ പരിപാലിക്കൽ. പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | ജൂൺ |

| | | |
|---|---|---|
| • കുട്ടികളെ വ്യക്തി ശുചിത്വം പരിസര ശുചിത്വം ഉള്ളവരാക്കി മാറ്റുക. | ദിനകൃത്യങ്ങൾ.<br>ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു. | ജൂൺ to മാർച്ച് |
| • ശാസ്ത്രവിഷയങ്ങളിൽ താൽപ്പര്യം വളർത്തുക. | ഫീൽഡ് ട്രിപ്പ്<br>നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (വയൽ) | ഫെബ്രുവരി |

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| • ഭാഷാ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | ↳ ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ<br>↳ അനുയോജ്യമായ സാമഗ്രികൾ ഒരുക്കൽ | June - July |
| വായിക്കാം വളരാം | | |
| • വായനാ ശേഷി വളർത്തൽ | ↳ ക്ലാസ്സ് വായനാക്കൂട്ടം.<br>↳ ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>↳ പുസ്തക പരിചയം.<br>↳ വായനാ കുറിപ്പ്<br>↳ ആസ്വാദന കുറിപ്പ്<br>↳ പുസ്തക സംവാദം<br>↳ ആനുകാലിക വായന | June - March |
| എഴുതാം തെളിയാം. | | |
| • എഴുത്ത് പരിപോഷിപ്പിക്കൽ | ↳ പാഠഭാഗം, പഠന പ്രവർത്തനങ്ങൾ ഇവയിൽ നിന്നും [illegible] | June - March |

| | | |
|---|---|---|
| കലാനിലയം കേരനിലയം | | |
| • അറിവ് ഉപകരണങ്ങളിലൂടെ [illegible] (ICT) | ↳ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ video-കൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ. | June-March. |
| ഒരുമിക്കലിടം. | | |
| • നല്ലതാം പോഷണം (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ↳ ഭക്ഷ്യമേള<br>↳ പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമാണം<br>↳ ഇലക്കറി സദ്യ. | July – September |
| ഭാഷണം – അഭിനയിക്കാം. | | |
| • സാഹിത്യകാരന്മാരെ കുറി-ച്ചുള്ള വിവരങ്ങൾ സംഘടിപ്പിക്കൽ<br>• അനുസ്മരിക്കൽ | ↳ ഭാഷണങ്ങൾ അവതരിപ്പിക്കൽ<br>↳ പത്രം പരിചയം.<br>↳ പതിപ്പ് നിർമാണം<br>↳ ക്വിസ്<br>↳ ജീവിത രേഖ<br>↳ പ്രസംഗം. | August - March |

| | | |
|---|---|---|
| കലകൾ | | |
| • പാരമ്പര്യമായി സമൂഹത്തിലെ കലകൾ - അറിയുന്നതിന് | ↳ Video പ്രദർശനം<br>↳ കലാകാരന്മാരെ ക്ഷണിച്ച് - അവതരണം Class റൂമിൽ<br>↳ കലാ പരമ്പര ഉപകരണങ്ങൾ, ചിത്രങ്ങൾ പ്രദർശനം. | September-october |
| സർഗ്ഗവേള | | |
| • ഓരോ മാസത്തിലും ബാലസഭ ചേർന്ന് അവരുടെ കഴിവുകൾ അവതരിപ്പിക്കൽ | ↳ കുട്ടികളുടെ സർഗ്ഗശേഷികളുടെ അവതരണം. | June-March. |

English.

| Objectives | Activities | Duration |
| --- | --- | --- |
| • Describe the pictures | ↳ picture Description showing picture and interactions Eliciting responses.<br>↳ slow learners" Giving opportunity to express their ideas in Malayalam | June - August |
| • Reading Stories, Poems, Also understanding them | ↳ Let's Read.<br>↳ Giving simple stories and poems. | June - February |
| • Listen to instructions and engage in activities | ↳ Interactions basedon day to day life and Classroom activities<br>↳ performing actions | June - January |

| | | |
|---|---|---|
| • Arrange words in alphabetical Order. | ↳ Dictionary :- Introducing<br>↳ [illegible] the dictionary<br>↳ Giving words and arrange them in alphabetical order. | September – March. |
| • Identifies rhyming words from the poem | ↳ Read the poem<br>↳ Find out same or similar ending sound.<br>↳ Two or more words ending with same sound.<br>↳ playing audio / video<br>↳ Individual Reading<br>↳ Group reading | June – January. |
| • Making simple riddles | ↳ Reading and finding simple riddles.<br>↳ Group discussion | ↳ September – December |

ഗണിതം – കളിക്കാം – ഗണിക്കാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. |
|---|---|---|
| • ഗണിത പഠനം രസകരമാക്കൽ (മാത്‌സ് കോർണർ) | ↳ വിവിധ തരം കളികൾ<br>• ഗണിതപ്പാട്ട് പാടാം<br>↳ സങ്കലനം, വ്യവകലനം (കച്ചവടക്കളി.) | June to March |
| ഒറിഗാമിയിലൂടെ പഠിക്കാം. | | |
| • ഗണിതബോധം പഠനം രസകരമാക്കൽ – കര ചലന ശേഷി വികാസം. | ↳ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം.<br>↳ പ്രദർശനം. | July- August |
| ഗണിത ലാബ് | | |
| • ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ↳ ഗണിത ലാബ് ഒരുക്കൽ – പഠനത്തിന് ഉപയോഗപ്പെടുത്തൽ | August- February |
| ഗണിതപ്പൂക്കൾ | | |
| • ഗണിത രൂപങ്ങളുടെ പ്രാ-യോഗിക തലം തിരിച്ചറിയൽ | ↳ ഗണിതപ്പൂക്കൾ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | September- November |

| | | |
|---|---|---|
| ഗണിത പഠനോപകരണ ശില്പശാല<br>• പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാൻ | → പാഠ ഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം.<br>→ ചേർക്കണം. | June to February |
| ഗണിത മേള<br>• ഗണിത ശേഷികളുടെ വികാസം. | → പ്രശ്നോത്തരി<br>→ പസിൽ<br>→ പാറ്റേൺ<br>→ പഠന ഉൽപ്പന്നങ്ങളുടെ ചേർക്കണം. | January to February |

പരിസരപഠനം

പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| • നിരീക്ഷണം – അറിവു നിർമ്മാണം. | ↳ പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | June- July |
| ശാസ്ത്ര മേള | | |
| • ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ↳ സെമിനാറുകൾ ഒരുക്കൽ (ശാസ്ത്ര പഠനത്തിനായി)<br>↳ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | September – January. |
| ശാസ്ത്ര വാരം | | |
| • ശാസ്ത്ര പഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ<br>• അന്വേഷണത്വര വളർത്തൽ | ↳ വാന നിരീക്ഷണ ക്യാമ്പ്.<br>↳ സയൻസ് പാർക്ക്<br>↳ ശാസ്ത്ര മാസികകൾ പ്രദർശനങ്ങൾ | January– March. |

| | | |
|---|---|---|
| ശാസ്ത്ര വിസ്മയ ചുവർ | | |
| • ശാസ്ത്ര പഠനം - സഹകരണങ്ങൾ | ➤ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ ശേഖരണം.<br>➤ പ്രദർശനം . | October- December |
| ഉദ്യാനമൊരുക്കാം . | | |
| • കോവളം - ഉദ്യാന വ്യാപനം .<br>• സൂചിക പരിചയപ്പെടൽ | ➤ ഉദ്യാന ഡയറി<br>➤ ഉദ്യാന രചന<br>➤ സൂചികാനിർമ്മാണം . | July – January |
| ശാസ്ത്രോത്സവം . | | |
| • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം | ➤ ചിത്രം<br>➤ ചാർട്ട്<br>➤ ആൽബം<br>➤ പരീക്ഷണങ്ങൾ .<br>➤ [illegible] } പ്രദർശനം | January- February |
| ശാസ്ത്ര മാസിക . | | |
| • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ➤ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | December - January |

## ആമുഖം

ചുറ്റുപാടിനെ മനസ്സിലാക്കാനും നമുക്ക് അനുകൂലമായി മാറ്റിത്തീർക്കാനും മനുഷ്യവംശം വികസിപ്പിച്ചെടുത്ത സവിശേഷമായ ഒരു രീതിയുണ്ട്. അതാണ് ശാസ്ത്രീയ രീതി. ശാസ്ത്രീയ രീതിയുടെയും അതിലൂടെ നേടിയ അറിവിന്റെയും ആകത്തുകയാണ് ശാസ്ത്രം. പ്രക്രിയയും ഉൽപന്നവും ചേർന്നതാണ് ശാസ്ത്രം.

അറിവ് നേടുന്നതിന് ശാസ്ത്രം സ്വീകരിക്കുന്ന സവിശേഷ രീതിയാണ് ശാസ്ത്രീയ രീതി. നൂറ്റാണ്ടുകൾ നീണ്ട പ്രകൃതി നിരീക്ഷണങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയും അറിവാർജ്ജിക്കുന്നതിന് മനുഷ്യൻ വികസിപ്പിച്ചെടുത്ത ഒരു രീതിയാണിത്. സമൂഹത്തിൽ ശാസ്ത്രബോധം എത്രത്തോളം നിലനിൽക്കുന്നു എന്നത് ശാസ്ത്രവിജ്ഞാനത്തിന്റെ വളർച്ചയും വ്യാപനവും പോലെ തന്നെ പ്രധാനപ്പെട്ടതാണ്. ശാസ്ത്രീയമായ അറിവുകൾ ആർജ്ജിക്കുന്നതിനും അതിന്റെ വെളിച്ചത്തിൽ നിലവിലുള്ള ധാരണകളെ ചോദ്യം ചെയ്യാനും അറിവിനെ പ്രയോഗിക്കാനും പരസ്പരബന്ധിതമായി പ്രശ്നങ്ങളെ സമീപിക്കാനുമുള്ള കഴിവാണ് ശാസ്ത്രബോധം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ശാസ്ത്ര പുരോഗതിയുടെ നേട്ടങ്ങൾ സമൂഹത്തിന് ലഭ്യമാകണമെങ്കിൽ ശാസ്ത്രബോധം സമൂഹത്തിൽ വേരൂന്നപ്പിക്കണം. എങ്കിൽ മാത്രമേ അന്ധവിശ്വാസങ്ങളിൽ നിന്നും ദുരാചാരങ്ങളിൽ നിന്നും സമൂഹത്തിന് മോചനം ലഭിക്കൂ...

## ശാസ്ത്ര പഠന ലക്ഷ്യങ്ങൾ

* നിരീക്ഷണം, പരീക്ഷണം, സാമാന്യവത്കരണം എന്നീ പടങ്ങളിലൂടെ പ്രശ്ന പരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി ഓരോ കുട്ടിയും സ്വായത്തമാക്കുക.

* ശാസ്ത്ര സംബന്ധമായ വസ്തുതകൾ, ആശയങ്ങൾ, തത്വങ്ങൾ, നിയമങ്ങൾ, അനുമാനങ്ങൾ എന്നിവ പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങൾ, ചർച്ച, സംവാദങ്ങൾ, പ്രോജക്ട് പ്രവർത്തനങ്ങൾ, പഠനയാത്ര തുടങ്ങിയവയിലൂടെ സ്വാംശീകരിക്കാൻ കുട്ടിയിൽ ശേഷിയുണ്ടാക്കുക.

* നിരീക്ഷണം, വർഗീകരണം, പരീക്ഷണം രൂപകല്പനചെയ്യൽ, അളവുകൾ രേഖപ്പെടുത്തലുകളും, പ്രശ്നപരിഹാരത്തിന് ഉതകുംവിധം ക്രമീകരിക്കൽ, നിഗമനവിവരങ്ങൾ വിശകലനം ചെയ്യൽ, പ്രവചനം, ആശയത്തിൽ എത്തിച്ചേരൽ,

ആളും ഉപകരണങ്ങളും വിഭവങ്ങളും ഫലപ്രദ-മായും വിനിമയം ചെയ്യൽ, പ്രശ്നപരിഹാരം തുടങ്ങിയ പ്രക്രിയാശേഷികൾ കുട്ടികൾ ആർജ്ജിക്കുക.

* പഠനപ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ച അറിവും പ്രക്രിയാശേഷികളും ജീവിത സാഹചര്യങ്ങളിൽ പ്രയോഗിക്കാൻ പഠിതാക്കൾക്ക് കഴിയുക.

* കുട്ടിയുടെ സഹജമായ കഴിവുകൾ വികസിക്കു-ന്നതിനും വ്യത്യസ്തമായി ചിന്തിക്കുന്നതിനും നൂതന-മായ കണ്ടെത്തലുകൾ നടത്തുന്നതിനും അവസരങ്ങൾ നൽകുക.

* പ്രവർത്തനത്തിലൂടെ ആർജ്ജിച്ച ശാസ്ത്ര അറിവുകളെ പ്രശ്നപരിഹാരങ്ങൾക്ക് പ്രയോജന-പ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക.

* ഉപാധികൾ ഒരുക്കൽ, ശരി ഉപയോഗി-ച്ചുള്ള പ്രശ്നപരിഹാരം, നിരീക്ഷിച്ച അറിവുകളെ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കാൻ തയ്യാറാകൽ എന്നിങ്ങനെ-യുള്ള കഴിവുകളും ശീലങ്ങളും കുട്ടികളിൽ വളർത്തിയെടുക്കുക.

* സയന്റിഫിക് ടെമ്പർ, അന്വേഷണത്വര, വിമർശനാത്മക ചിന്ത, എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക.

* ശാസ്ത്രീയമായ അറിവുകളും ശാസ്ത്രീയ രീതി-
യും പ്രയോജനപ്പെടുത്തി വ്യക്തിപരവും
സാമൂഹികവുമായ പ്രശ്നങ്ങൾ ഏറ്റെടുത്ത്
പരിഹരിക്കാൻ പ്രാപ്തരാക്കുക.

* ശാസ്ത്രരംഗങ്ങളിൽ അടിസ്ഥാന ജ്ഞാനം
ശാസ്ത്രത്തിനായി ജീവിതം സമർപ്പിച്ചവരോട്
ആദരവ് പ്രകടിപ്പിക്കാനുള്ള അവസരമൊരുക്കുക.

യു.പി- അടിസ്ഥാനശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ① ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രീയത തിരിച്ചറിയൽ. | അടുത്തറിയാം യാത്ര<br>പഠനയാത്ര വഴി [illegible] സസ്യങ്ങളെ, [illegible], വിവിധ ആവാസ വ്യവസ്ഥകൾ നിരീക്ഷണം, പൂക്കളെ അറിയാൻ യാത്രകൾ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണമൂല<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി നടത്താവുന്ന ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ അറിയുന്നു. പരീക്ഷണത്തിലൂടെ നിരീക്ഷണം പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരണം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ്. | രക്ഷിതാക്കൾ, പി.ടി.എ. |

ആ. പി - അടിസ്ഥാന ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| (a) ശാസ്ത്ര പ്രതിഭ യാക്കി വികസി പ്പിക്കുക. | ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മിതികൾ, ചാർട്ടുകൾ, മറ്റ് ക്ലാസ് തല പ്രവർത്തനങ്ങളും ചെയ്യുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ. |
| (b) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ പരിചയപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തുക. | (1) പുതിയ ആശയങ്ങളും കണ്ടുപിടുത്തങ്ങളും പരിചയപ്പെടുത്തുന്ന സെമിനാർ ക്ലാസുകൾ<br>(2) ICT സഹായത്തോടെ ശാസ്ത്രവിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തൽ, ശാസ്ത്ര സത്യങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട അറിവുകൾ എന്നിവ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ. |

യു.പി — സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| (1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതലം അറിയുക, ആശയങ്ങൾ, ഭൂപടങ്ങൾ ഓർമ്മിക്കൽ, കണ്ടെത്തൽ. | അന്താരാഷ്ട്ര തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തും. | അക്കാദമിക വർഷാരംഭം. (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| (2) ചരിത്രത്തെ ചരിത്രപഥങ്ങളിലൂടെ നയിക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുക. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

ആ.പി – സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| (3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| (4) പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

യു.പി — സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
